LIBRARY ARCHIVES Kerala Legislative Assembly

നെല്ലുൽപ്പാദനം സംബന്ധിച്ച പഠനം

42 [980] ശ്രീ. ടി. എം. ജേക്കബ് :

,, ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മുതൽ 2005 ഡിസംബർ വരെ കേരളത്തിൽ നെല്ലിന്റെ ഉൽപ്പാദനം വർദ്ധിക്കുകയാണോ കുറയുകയാണോ ചെയ്തിട്ടുള്ളതെന്ന് അറിയാക്കാമോ ;

(ബി) ഇത് സംബന്ധിച്ച് കൃഷി വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(സി) നെൽപ്പാടങ്ങൾ വ്യാപകമായി നികത്തുന്നത് തടയാൻ റവന്യൂ വകുപ്പുമായി ചേർന്ന് കൃഷി വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ഡി) നെൽക്കൃഷി ചെയ്തുകൊണ്ടിരുന്ന പാടങ്ങൾ നികത്തുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കുപ്രകാരം 2000-2001-ൽ 3.47455 ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽക്കൃഷിയുണ്ടായിരുന്നത് 2004-2005-ൽ 2.89974 ലക്ഷം ഹെക്ടർ ആയി കുറഞ്ഞിട്ടുണ്ട്. ഇതുമൂലം നെല്ലിന്റെ ഉൽപ്പാദനം 751326 ടണ്ണിൽ നിന്നും 667105 ടണ്ണായി കുറഞ്ഞിട്ടുണ്ട്. എന്നാൽ ഉൽപ്പാദന ക്ഷമത 2000-2001-ൽ ഹെക്ടറിന് 2162 കി.ഗ്രാം ആയിരുന്നത് 2004-2005-ൽ ഹെക്ടറിന് 2300 കി.ഗ്രാം ആയി കൂടിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കേരള ഭൂവിനിയോഗ നിയമപ്രകാരം നെൽപ്പാടങ്ങൾ നികത്തുന്നതും തരിശ് ഇടുന്നതും മറ്റു വിളകൾക്കായി ഉപയോഗിക്കുന്നതും തടയുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. നെൽവയലുകൾ നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടാലുടൻ കൃഷി ഓഫീസർമാർ വിവരം ജില്ലാ കളക്ടറെ അറിക്കുന്നുണ്ട്. കാർഷിക സമിതി യോഗങ്ങളിലും കർഷകരുടെ മറ്റു യോഗങ്ങളിലും നെൽവയൽ നികത്തുന്നതിനെതിരെ ബോധവൽക്കരണം നടത്തുന്നുണ്ട്.

(ഡി) നെൽപ്പാടങ്ങൾ നികത്തിയതുമായി ബന്ധപ്പെട്ട നടപടികളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

നെൽപ്പാടം നികത്തുന്നത് തടയാൻ നടപടി

43 [981] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ നെൽപ്പാടം ഇപ്പോൾ ഉണ്ട് ;

(ബി) കഴിഞ്ഞ 5 വർഷക്കാലയളവിൽ സംസ്ഥാനത്ത് എത്ര ഹെക്ടർ നെൽപ്പാടം നികത്തിയിട്ടുണ്ട് ;

(സി) ഇതിൽ സർക്കാർ അനുമതിയോടെ നികത്തിയത് എത്ര ഹെക്ടർ ആണ് ; അനുമതിയില്ലാതെ നികത്തിയത് എത്രയാണ് ;

(ഡി) നെൽപ്പാടം നികത്തലുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഇ) നെൽപ്പാടം നികത്തുന്നത് തടയുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ—ഇ) എന്നിവയുടെ വിവരം ശേഖരിച്ചുവരുന്നു.

തൊടിയൂർ തഴവ പാടശേഖരത്തിന്റെ അടിസ്ഥാന വികസനം

44 [982] ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ തൊടിയൂർ തഴവ പാടശേഖരത്തിന്റെ അടിസ്ഥാന വികസനത്തിനായി 2004-ൽ എത്ര തുക അനുവദിച്ചിരുന്നു ;

(ബി) ഈ തുക വിനിയോഗിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) തൊടിയൂർ തഴവ പാടശേഖരത്തിന്റെ അടിസ്ഥാന വികസനത്തിനായി 2004-ൽ തുക ഒന്നും അനുവദിച്ചിട്ടില്ല.

(സി) 7.50 കോടി രൂപ അടങ്കൽ തുക വരുന്ന ലാന്റ് റിക്ലമേഷൻ ആന്റ് സലനിറ്റി കൺട്രോൾ ഇൻ കോസ്റ്റൽ ട്രാക്ട്സ് ഓഫ് ആലപ്പുഴ, കൊല്ലം എന്ന പദ്ധതി തയ്യാറാക്കി നബാർഡിന്റെ പരിഗണനയ്ക്കായി കെ.എൽ.ഡി.സി. 2004-ൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 140 ലക്ഷം രൂപ തൊടിയൂർ തഴവ വട്ടക്കായലിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി നബാർഡിന്റെ സൂക്ഷ്മ പരിശോധനയിലാണ്.

കാർഷിക വിളകൾക്കുണ്ടായ വിലയിടിവ്

45 [T983] ശ്രീ. എ. സി. ഷണ്മുഖദാസ് :
,, സി. കെ. നാണു :
,, കെ. പി. മോഹനൻ :
ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിലെ മൻമോഹൻസിംഗ് സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിദേശ രാജ്യങ്ങളുമായി ഉണ്ടാക്കിയ വിവിധ കരാറുകൾമൂലം സംസ്ഥാനത്തെ കാർഷിക വിളവുകൾക്ക് ഉണ്ടായ വിലയിടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

'T' ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly